**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1265** **30-08-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുപ്പത്തി ആറ് കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്) നിർമാണച്ചുമതല ഏറ്റെടുത്ത കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിന്റെ സ്ഥലമേറ്റെടുക്കലിന് മുന്നോടിയായുള്ള കല്ലിടൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; | (എ) | കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡിന്റെ സ്ഥലമേറ്റെടുക്കലിന് മുന്നോടിയായുള്ള കല്ലിടൽ പ്രവൃത്തി പൂർത്തിയായിട്ടില്ല. കൊല്ലം – നെല്ല്യാടി - മേപ്പയ്യൂർ റോഡിന് 28.10.2020-ൽ സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 38.95 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു. 02.11.2021-ലെ സ.ഉ(സാധാ) നം.3675/2021/ ആർ.ഡി പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 31-12-2021ന് ജില്ലാ കളക്ടർക്ക് അർത്ഥന നൽകുകയുണ്ടായി. കല്ലിടൽ പ്രവൃത്തിക്ക് 02-02-2022-ൽ ഭാഗിക സാങ്കേതികാനുമതി നൽകി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി - പി.എം.യു, കോഴിക്കോട് പ്രവൃത്തി ടെണ്ടർ ചെയ്തു. ആദ്യ തവണ ടെണ്ടറിൽ പങ്കെടുത്തയാൾ നിശ്ചിത സമയത്ത് എഗ്രിമെന്റ് വെയ്ക്കാത്തതിനാൽ ആയത് റീ ടെണ്ടർ ചെയ്തു. നിലവിൽ കല്ലിടൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾ പൂർത്തിയായി വരുന്നു. സ്ഥലം ഏറ്റെടുക്കൽ നടപടി LARR Act 2013 അനുസരിച്ചാണ് നടത്തുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി ഭരണാനുമതി ലഭിച്ചതിന് ശേഷം നാളിതുവരെ നടന്ന പ്രവൃത്തികൾ വിശദമാക്കാമോ; കല്ലിടൽ പ്രവൃത്തി പൂർത്തീകരിച്ചാൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തയാക്കാൻ എത്ര സമയമെടുക്കും; വിശദമാക്കാമോ? | (ബി) | കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡിന്റെ സ്ഥലമേറ്റെടുക്കലിന് മുന്നോടിയായുള്ള കല്ലിടൽ പ്രവൃത്തി പൂർത്തിയായിട്ടില്ല. കൊല്ലം – നെല്ല്യാടി - മേപ്പയ്യൂർ റോഡിന് 28.10.2020-ൽ സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 38.95 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു. 02.11.2021-ലെ സ.ഉ(സാധാ) നം.3675/2021/ ആർ.ഡി പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 31-12-2021ന് ജില്ലാ കളക്ടർക്ക് അർത്ഥന നൽകുകയുണ്ടായി. കല്ലിടൽ പ്രവൃത്തിക്ക് 02-02-2022-ൽ ഭാഗിക സാങ്കേതികാനുമതി നൽകി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി - പി.എം.യു, കോഴിക്കോട് പ്രവൃത്തി ടെണ്ടർ ചെയ്തു. |

| | | | |
|---|---|---|---|
| | | | ആദ്യ തവണ ടെണ്ടറിൽ പങ്കെടുത്തയാൾ നിശ്ചിത സമയത്ത് എഗ്രിമെന്റ് വെയ്ക്കാത്തതിനാൽ ആയത് റീ ടെണ്ടർ ചെയ്തു. നിലവിൽ കല്ലിടൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾ പൂർത്തിയായി വരുന്നു. സ്ഥലം ഏറ്റെടുക്കൽ നടപടി LARR Act 2013 അനുസരിച്ചാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ